**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1007** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയവും സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പും തമ്മിലുള്ള എം.ഒ.യു.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലെ സ്കൂൾ വിദ്യാഭ്യാസ - സാക്ഷരത വകുപ്പും സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പും തമ്മിലുള്ള എം.ഒ.യു. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി 2025 നവംബർ മാസത്തിൽ കേന്ദ്ര സ്കൂൾ വിദ്യാഭ്യാസ - സാക്ഷരത വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

**(ബി)** പ്രസ്തുത കത്തിൽ എം.ഒ.യു. നടപ്പാക്കുന്നത് നിർത്തിവെക്കാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചതായി പരാമർശിക്കുന്നുണ്ടോ;

**<u>മറുപടി:</u>** പി.എം.ശ്രീയുടെ ധാരണാപത്രത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആശങ്കകളുടെ പശ്ചാത്തലത്തിൽ പദ്ധതി റിവ്യൂ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും പ്രസ്തുത മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നതുവരെ 2025 ഒക്ടോബറിൽ ഒപ്പുവച്ച പി.എം.ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പാക്കുന്നത് നീട്ടിവയ്ക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നുമാണ് 2025 നവംബർ 12 ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് നൽകിയിട്ടുള്ള കത്തിൽ പരാമർശിച്ചിട്ടുള്ളത്.

**(സി)** പ്രസ്തുത കത്തിൽ പരാമർശിക്കുന്ന എം.ഒ.യു. -വിന്റെ അടിസ്ഥാനത്തിൽ പി. എം. ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാന സർക്കാർ ഏതെങ്കിലും തുക കൈപ്പറ്റിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ഏതൊക്കെ ഇനത്തിൽ എത്ര തുക ലഭിച്ചു എന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** പി.എം. ശ്രീ പദ്ധതിക്കായി ഒരു തുകയും ഇതുവരെ അനുവദിച്ചിട്ടില്ല. എന്നാൽ പി.എം. ശ്രീ പദ്ധതിക്കായുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചതിനെ തുടർന്ന് 2025-26 വർഷത്തിൽ സമഗ്ര ശിക്ഷ കേരളം പദ്ധതിക്ക് തടസ്സവച്ച 99.27 കോടി രൂപ കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

Dr. K. VASUKI IAS
SECRETARY

General Education Department
Government Secretariat
Thiruvananthapuram-695 001
Phone-Office : 0471-2517395

Date ..........................................

**D.O.No: GE-JA1/39/2023-G.EDN Dated : 12/11/2025**

Dear Sir,

Sub : Implementation of Memorandum of Understanding-Reg.
Ref : Memorandum of Understanding executed between DOSEL, MOE, GoI on the first part and Department of General Education, GoK on the second part

Kind attention is invited to the reference cited. In view of the concerns raised regarding the implementation of the Memorandum of Understanding (MoU) referred to above, the Council of Ministers of the State decided to constitute a committee from among its members to examine such concerns raised and to submit its report for further consideration. For facilitating the same the Council of Ministers decided to keep the implementation of the MoU in abeyance.

Accordingly, I am directed to inform that the Government of Kerala will await the submission of the report before taking further course of action with respect to the implementation of the MoU.

Regards,

Yours Sincerely,

Dr VASUKI K IAS

Shri. Sanjay Kumar IAS,
Secretary,
Department of School Education & Literacy,
Ministry of Education, Government of India,
124'C' Wing, Shastri Bhavan,
New Delhi - 110001